# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -588      30.06.2016 ൽ മറുപടിയ്ക്ക്

**കൊട്ടാരക്കരയിലെ പുലമൺ തോടിന്റെ സംരക്ഷണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.പി.ആയിഷാ പോറ്റി:** | | **ശ്രീ.മാത്യു.ടി.തോമസ്** (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൊട്ടാരക്കരയിലെ പുലമൺ തോടിന്റെ സംരക്ഷണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും അടങ്കൽ തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (എ) | കൊട്ടാരക്കരയിലെ പുലമൺ തോടിന്റെ സംരക്ഷണ പ്രവൃത്തിക്ക് 16.02.2012 ൽ ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 22.500 ലക്ഷം രൂപ ആണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെൻറ് നടപടികൾ പൂർത്തിയായത് എന്നാണെന്നറിയിക്കുമോ ; | (ബി) | എഗ്രിമെൻറ് നടപടികൾ 03.12.2013 ൽ പൂർത്തിയായി. (എഗ്രിമെന്റ് നം.80/ എസ്. ഇ/എം.ഐ/2013-14) |
| (സി) | ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണ്; നാളിതുവരെ എത്ര ശതമാനം പണികൾ നടന്നു; വിശദമാക്കാമോ; | (സി) | ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ 12.12.2013 ൽ ആരംഭിച്ചു. നാളിതുവരെ 45% പണികൾ നടന്നു. |
| (ഡി) | നിർമ്മാണ പ്രവൃത്തികൾ തടസപ്പെട്ടിരിക്കുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും? വ്യക്തമാക്കാമോ? | (ഇ) | പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ബാക്കിയുള്ള പ്രവൃത്തിയുടെ പ്രോഗ്രാം ചാർട്ട് തയ്യാറാക്കി അതിൻപ്രകാരം പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനായി കരാറുകാരന് നോട്ടീസ് നല്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**